അന്ത്യോദയ, അന്നയോജന, അന്നപൂർണ്ണ പദ്ധതികളുടെ ഉദ്ദേശലക്ഷ്യങ്ങൾ

20 [3442] *ശ്രീ. കെ. രാധാകൃഷ്ണൻ:*
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. വി. കെ. ചന്ദ്രൻ:
.. *സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്ത്യോദയ, അന്നയോജന, അന്നപൂർണ്ണ എന്നീ പദ്ധതികളുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതികൾക്ക് കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള ടാർജറ്റ് എന്താണെന്ന് വ്യക്തമാക്കുമോ;

(സി) അന്ത്യോദയ, അന്നയോജന പദ്ധതിപ്രകാരം സംസ്ഥാനത്ത് എത്ര കുടുംബങ്ങൾക്ക് അരി നൽകുന്നുണ്ട്;

(ഡി) അന്ത്യോദയ, അന്നയോജന പദ്ധതിപ്രകാരമുള്ള അരിവിതരണത്തിൽ നടക്കുന്ന മിസ്മാനേജ്മെന്റിനെക്കുറിച്ച് പരിശോധന എന്തെങ്കിലും നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) അന്നപൂർണ്ണ പദ്ധതിയുടെ പ്രയോജനം പിന്നോക്കക്കാരിൽ പിന്നോക്കം നിൽക്കുന്നവർക്കും വാർദ്ധക്യസഹജമായ അസുഖമുള്ളവർക്കും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ?

ഉത്തരം

(എ) എല്ലാവർക്കും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക, പട്ടിണിരഹിതമായ ഒരു രാജ്യം കെട്ടിപ്പടുക്കുക, ഗ്രാമപ്രദേശങ്ങളിലെയും നഗരപ്രദേശങ്ങളിലെയും പാവപ്പെട്ടവരിൽ പാവപ്പെട്ടവരെ പരിസേവിക്കുന്നതിനായി പൊതുവിതരണ സമ്പ്രദായം പരിഷ്കരിച്ച് മെച്ചപ്പെടുത്തുക എന്നിവയാണ് അന്ത്യോദയ, അന്നയോജന പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരിൽ നിന്നും ഏറ്റവും പാവപ്പെട്ടവരായ ആളുകളെ കണ്ടെത്തി ഓരോ കുടുംബത്തിനും കിലോയ്ക്ക് 3 രൂപ നിരക്കിൽ പ്രതിമാസം 35 കിലോഗ്രാം അരി ഈ പദ്ധതിപ്രകാരം നൽകിവരുന്നു.

കേന്ദ്ര അഗതി പെൻഷന് അർഹതയുള്ളവരും 65 വയസ്സിനുമേൽ പ്രായമുള്ളവരും എന്നാൽ പെൻഷൻ ലഭിക്കാത്തവരുമായ ആളുകളെ തെരഞ്ഞെടുത്ത് അവർക്ക് പ്രതിമാസം 10 കിലോഗ്രാം അരിവീതം സൗജന്യമായി അനുവദിച്ചു നൽകുക എന്നതാണ് അന്നപൂർണ്ണ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അന്ത്യോദയ, അന്നയോജന പദ്ധതിപ്രകാരം 595800 കുടുംബങ്ങളും അന്നപൂർണ്ണ പദ്ധതിപ്രകാരം 44980 വ്യക്തികളുമാണ് സംസ്ഥാനത്തിന് കേന്ദ്രം നിശ്ചയിച്ചിട്ടുള്ള ടാർജറ്റ്. നടപ്പുവർഷം കൂടുതലായി കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള 124000 അന്ത്യോദയ, അന്നയോജന കുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

(സി) 471800 കുടുംബങ്ങൾക്ക്.

(ഡി) അന്ത്യോദയ, അന്നയോജന പദ്ധതിപ്രകാരമുള്ള അരിവിതരണത്തിൽ എന്തെങ്കിലും മിസ്മാനേജ്മെന്റ് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ പദ്ധതിപ്രകാരമുള്ള ഗുണഭോക്താക്കളുടെ പേരുവിവരം, അവർക്ക് അർഹതപ്പെട്ട ഭക്ഷ്യധാന്യത്തിന്റെ അളവ്, വില തുടങ്ങിയ എല്ലാ വിവരങ്ങളും റേഷൻകടകളിൽ പ്രദർശിപ്പിക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പരിശോധനാ ഉദ്യോഗസ്ഥൻമാർ തങ്ങളുടെ പരിശോധനാവേളകളിൽ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളവരെയാണ് അന്നപൂർണ്ണ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്.

നെല്ല് സംഭരിക്കുവാനും അത് അരിയാക്കി റേഷൻ കടകൾവഴി വിൽക്കുവാനും നടപടി

21 [3443] *ശ്രീ. കെ. സുധാകരൻ:*
,, *വർക്കല കഹാർ:*
,, *ലൂഡി ലൂയിസ്:*
,, *കെ. സി. ജോസഫ്:*

ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇനിമുതൽ എല്ലാവർഷവും സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന നെല്ല് സംഭരിക്കുവാനും അത് അരിയാക്കി റേഷൻ കടകൾവഴി വിൽക്കുവാനും ഉദ്ദേശമുണ്ടോ;

(ബി) ഇതിനുള്ള സ്റ്റാന്റിംഗ് ഓർഡർ പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുമോ;

(സി) ഈ വർഷം സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ലെടുക്കുകയും അത് അരിയാക്കി വിതരണം നടത്തുകയും ചെയ്യുന്നതിന് എന്ത് നഷ്ടമുണ്ടാകും എന്നാണ് കണക്കാക്കിയിരിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly